നോട്ടീസിനുള്ള ബാങ്കിന്റെ മറുപടിയും, വ്യക്തിപരമായ ഹിയറിങ്ങിൽ നല്കിയ വാക്കാലുള്ള സമർപ്പണങ്ങളും അധിക സമർപ്പണങ്ങളുടെ പരിശോധന എന്നിവ പരിഗണിച്ചതിൻ പ്രകാരം, മറ്റു പലതിന്റെയും കൂട്ടത്തിൽ, താഴെപ്പറയുന്ന കുറ്റം ചാർത്തലുകൾ (ചാർജ്) നിലനിൽക്കുന്നതായി ആർ.ബി.ഐ കണ്ടെത്തുകയും, തന്മൂലം പണപ്പിഴ ചുമത്തൽ നിർബന്ധിതമാവുകയും ചെയ്തു.

പ്രസ്തുത ബാങ്ക് പരാജയപ്പെട്ട വസ്തുതകൾ :

(i) നിശ്ചിത സമയത്തിനുള്ളിൽ അർഹതയുള്ള അവകാശം ഉന്നയിക്കാത്ത തുകകൾ ഡെപ്പോസിറ്റർ എജ്യുക്കേഷൻ ആൻഡ് അവയർനസ് ഫണ്ടിലേക്ക് മാറ്റുക.

(ii) 2021-22 സാമ്പത്തിക വർഷത്തിലെ ചില ദിവസങ്ങളിൽ ഏറ്റവും കുറഞ്ഞ ക്യാഷ് റിസർവ് അനുപാതം നിലനിർത്തുക.

(iii) വായ്പയെടുക്കുന്നവരുടെ 2023 മാർച്ച് 31-പ്രകാരമുള്ള ക്രെഡിറ്റ് വിവരങ്ങൾ നാല് സി.ഐ.സി-കളിൽ ഏതെങ്കിലും ഒന്നിന് സമർപ്പിക്കുക.

(iv) പ്രുഡൻഷ്യൽ ഇന്റർ-ബാങ്ക് കൌണ്ടർപാർട്ടി എക്സ്പോഷർ പരിധി പാലിക്കുക.

(v) നിർദ്ദേശിക്കപ്പെട്ട കൃത്യമായ ഇടവേളകളിൽ അപകടസാധ്യത അടിസ്ഥാനമാക്കിയുള്ള ചില ഉപഭോക്താക്കളുടെ കെ.വൈ.സി.വിവരങ്ങൾ പുതുക്കുക.

ഈ നടപടി, നിയമം വ്യവസ്ഥാപനം ചെയ്യുന്ന ഉത്തരവുകൾ പാലിക്കുന്നതിലെ പോരായ്മകളെ അടിസ്ഥാനമാക്കിയുള്ളതാണ് എന്നു മാത്രമല്ല, ഇത് പ്രസ്തുത ബാങ്ക് അവരുടെ ഉപഭോക്താക്കളുമായി നടത്തിയിട്ടുള്ള ഏതെങ്കിലും ഇടപാടിന്റെയോ കരാറിന്റെയോ സാധുതയെക്കുറിച്ചുള്ള വിധി പറയുവാൻ ഉദ്ദേശിച്ചുള്ളതുമല്ല. കൂടാതെ, ഈ പണപ്പിഴ ചുമത്തൽ പ്രസ്തുത ബാങ്കിനെതിരെ ആർ.ബി.ഐ മേലിൽ ആരംഭിച്ചേക്കാവുന്ന മറ്റെന്തെങ്കിലും നടപടികളിന്മേൽ യാതൊരുവിധ മുൻവിധിയും ഉളവാക്കുന്നതല്ല.

**(പുനീത്പഞ്ചോളി)**
ചീഫ് ജനറൽ മാനേജർ

**പത്രക്കുറിപ്പ് :2024-2025/1554**